ഹദീസ്

എ. അബൂബക്കർ

# കൃഷി ഇസ്‌ലാമിന്റെ സംസ്‌കാരമാണ്

عَنْ أَنَس بْنُ مَالِك رَضِي الله عَنه قَالَ: قَالَ رَسُول اللهِ صَلّى اللهُ عَلَيْهِ وَسَلّم: مَا مِنْ مُسْلِمٍ يَغْرِسُ غَرْسًا أَوْ يَزْرَعُ زَرْعًا، فَيَأْكُلُ مِنْهُ طَيْرٌ أَوْ إِنْسَانٌ أَوْ بَهِيمَةٌ، إِلاَّ كَانَ لَهُ بِهِ صَدَقَةٌ (البخاري: كتاب المزارعة، 2195، ومسلم: كتاب المساقاة، 1552)

**അനസു ബ്നു മാലിക് നിവേദനം ചെയ്യുന്നു; അല്ലാഹുവിന്റെ ദൂതർ പറഞ്ഞു: ഒരു മുസ്‌ലിം തൈകൾ നട്ടുവളർത്തുകയോ, കൃഷിയിൽ ഏർപ്പെടുകയോ ചെയ്യുന്നു, അതിൽ നിന്ന് പക്ഷികളും മനുഷ്യരും മൃഗങ്ങളും ഭക്ഷിക്കുന്നു. തീർച്ചയായും അതവന് പുണ്യകർമം തന്നെയാണ് (ഇമാം ബുഖാരിയും മുസ്‌ലിമും ഉദ്ധരിച്ചത്).**

മണ്ണ് മരിക്കരുത്. ജീവനോടെ, ഫലദായകമായിത്തന്നെ തുടരണം. ഇത് അല്ലാഹുവിന്റെ നിശ്ചയവും മനുഷ്യന്റെ നിയോഗവുമാണ്. പ്രപഞ്ചത്തിൽ അതിനൊരു താളക്രമം നിശ്ചയിച്ചിട്ടുണ്ട്. മണ്ണും മഴയും മരങ്ങളും മനുഷ്യനും തമ്മിലുള്ള സമന്വയത്തിലൂടെയാണ് അത് സാധിക്കുന്നത്. മരിച്ച ഭൂമിയെ മഴ കൊണ്ട് ജീവനുള്ളതാക്കുന്നുവെന്ന് വിശുദ്ധ ഖുർആൻ. മഴത്തുള്ളികൾ മണ്ണിനെ ചുംബിക്കുമ്പോൾ ഭൂമി തരളിതയാകുന്നു. നിലച്ചുപോയ നീരുറവകൾ പുനർജനിക്കുന്നു. വിത്തുകൾ മുളപൊട്ടുന്നു, പുൽനാമ്പുകൾ കിളിർക്കുന്നു, ഭൂമി പുഷ്പിണിയാകുന്നു. ജീവജാലങ്ങൾക്കെല്ലാം അത് പ്രയോജനപ്പെടുന്നു. ഇതെല്ലാം, അല്ലാഹുവിന്റെ നിശ്ചയ പ്രകാരം വർഷാവർഷങ്ങളിൽ ആവർത്തിക്കപ്പെടുകയാണ്!

എന്നാൽ, ഭൂമിയുടെ പരിപാലനം മനുഷ്യന്റെ ഉത്തരവാദിത്തമാണ്. അല്ലാഹു തന്റെ പ്രതിനിധിയായി മനുഷ്യനെ സൃഷ്ടിച്ചതും ഭൂമിയിൽ അധിവസിപ്പിച്ചതും ഈ ദൗത്യം നൽകിയാണ്. മനുഷ്യന്റെ ജീവിതം സുരക്ഷിതമായിരിക്കേണ്ട തൊട്ടിലാണ് ഭൂമി. അതുകൊണ്ട്, ഭൂമിയെ നന്നായി പരിചരിക്കണം. ജീവസ്സുറ്റതായി നിലനിർത്തണം. അതിന് രണ്ട് കാര്യങ്ങൾ പ്രധാനമാണ്. ഭൂമിയിലെ ജലസംഭരണികൾ സംരക്ഷിക്കണം. കൃഷിയിലൂടെ മണ്ണിന്റെ പച്ചപ്പ് നിലനിർത്തണം. മഴക്കാലം ഇവ രണ്ടിന്റേയും സംഗമവേളയാണ്. ജലസംരക്ഷണത്തെയും കൃഷിയെയും കുറിച്ച ഇസ്‌ലാമിക പാഠങ്ങൾ ഓർത്തെടുക്കേണ്ട സന്ദർഭം. വിത്തിറക്കുന്ന, ചെടികൾ നടുന്ന, കൃഷി ചെയ്യുന്ന മുസ്‌ലിം! ഈ ചിത്രമാണ് നബിവചനം വരച്ചിടുന്നത്. 'തൈകൾ നട്ടുവളർത്തുകയോ, കൃഷിയിൽ ഏർപ്പെടുകയോ ചെയ്യുന്ന മുസ്‌ലിം...' എന്നാണ് ആരംഭം. കൃഷി ഒരു ഇസ്‌ലാമിക സംസ്‌കാരമാണ് എന്നത്രെ ഇത് നൽകുന്ന പാഠം. ലോകാവസാന വേളയിലും കർമനിരതരായിരിക്കണം എന്ന് ഉദ്ബോധിപ്പിച്ചപ്പോൾ നബി ഉദാഹരിച്ചതും കൃഷിയെ തന്നെയാണ്. 'അന്ത്യനാൾ ആഗതമായിക്കഴിഞ്ഞു. അപ്പോൾ ഒരാളുടെ കൈയിൽ ഒരു തൈ ഉണ്ട്. സാധ്യമെങ്കിൽ അതവൻ നട്ടു കൊള്ളട്ടെ.' അനസു ബ്നു മാലിക് നിവേദനം ചെയ്തതാണ് ഈ നബിവചനം (ഇമാം അഹ്മദ്, മുസ്നദ് 3/183, 184). സത്യവിശ്വാസി ഏതു സന്ദർഭത്തിലും കർമോത്സുകനായിരിക്കണം. അലസനോ, നിഷ്ക്രിയനോ ആകരുത്. ലോകം അവസാനിക്കുമ്പോഴും തന്റെ ഉത്തരവാദിത്തങ്ങളിൽ വീഴ്ച്ചയരുത്.

ഏറ്റവും ജീവിതഗന്ധിയായത്, പ്രയോജനകരമായത് ഉദാഹരണത്തിനായി തെരഞ്ഞെടുക്കുകയാണ് ഇവിടെ നബി. കൃഷി നിങ്ങളുടെ സംസ്‌കാരമായി നിലനിർത്തണം എന്ന സന്ദേശവും ഇതിലുണ്ട്. അന്ത്യനാളിൽ തൈ നട്ടിട്ട് ആർക്ക് ഫലം കിട്ടാൻ എന്ന ചോദ്യം അപ്പോൾ അപ്രസക്തമായിത്തീരുന്നു. വാർധക്യം ബാധിച്ചവർ, താൻ തെങ്ങ് നട്ടിട്ടെന്ത് എന്ന് ചിന്തിക്കരുത്. താൻ കൊയ്യുന്ന പല ഫലങ്ങളും തന്റെ പിതാവോ, പിതാമഹനോ നട്ടതിന്റെ നേട്ടമാണല്ലോ! തലമുറകളിലേക്ക് പടരുന്ന സുകൃതം. കൃഷി ഇങ്ങിനെയും ഒരു സാമൂഹിക ദൗത്യമായിത്തീരുന്നു. എത്ര കുറഞ്ഞ ഭൂമിയുള്ളവനും കുറച്ചെങ്കിലും കൃഷി ചെയ്യാനാകുന്ന സംവിധാനങ്ങളുണ്ട് എന്നത്, കൃഷി ഒരു സംസ്‌കാരമായി കൊണ്ടു നടക്കാനുള്ള സാധ്യതകൾ വർധിപ്പിക്കുന്നു.

മണ്ണിൽ നാം നട്ടുവളർത്തുന്ന ചെടികളിലാണ് ഭൂമിയുടെ ജീവൻ തുടിക്കുന്നത്. ആ ചെടികൾ പുറത്തുവിടുന്ന ജീവവായു കൊണ്ടാണ് മനുഷ്യനും ഇതര ജീവികളും ശ്വസിക്കുന്നത്. അവ ഉൽപ്പാദിപ്പിക്കുന്ന കാർഷിക വിളകളാണ് പോഷക സമൃദ്ധമായ ആഹാരം തന്ന്, ആരോഗ്യകരമായ ജീവിതം ഉറപ്പുവരുത്തുന്നത്. അതുകൊണ്ട് കൃഷി ഇസ്‌ലാമിൽ പ്രധാനപ്പെട്ട സാമൂഹിക ബാധ്യതയായിത്തീരുന്നു. ഈ നബിവചനത്തിൽ, 'പക്ഷികളും മനുഷ്യരും മൃഗങ്ങളും ഭക്ഷിക്കുന്നു' എന്ന ഭാഗം ശ്രദ്ധിക്കുക. 'അതിൽ നിന്ന് മോഷ്ടിക്കപ്പെട്ടത്' എന്നുകൂടിയുണ്ട് മറ്റൊരു നിവേദനത്തിൽ. കൃഷിയുടെ ഏറെ വിപുലമായ സാമൂഹിക പ്രാധാന്യമാണ് ഇത് പഠിപ്പിക്കുന്നത്. തന്റെ കർമംകൊണ്ട് ഭൂമിയിലെ എല്ലാ

ജീവജാലങ്ങൾക്കും പ്രയോജനം ലഭിക്കും, ലഭിക്കണം എന്ന പ്രചോദനമാണ് മുഹമ്മദ് നബി നൽകുന്നത്. 'പ്രയോജനകരവും പ്രതിഫലാർഹവുമായ ധർമ്മം' എന്നാണ് 'സ്വദഖ'യുടെ അർഥം. കൈനീട്ടുന്നവന് കൊടുക്കുന്ന കേവല നാണയത്തുട്ടുകളല്ല, പല തലങ്ങളിൽ ഫലം തരുന്ന പുണ്യകർമമാണ് സ്വദഖ. പക്ഷികൾ തിന്നാൽ പോലും നഷ്ടമല്ല, നേട്ടമാണെന്ന് വരുമ്പോൾ കർഷകൻ ആകാശത്തോളം വലുതാവുകയാണ്. കട്ടുകൊണ്ട് പോയാലും മോഷ്ടാവിന്റെ വീട്ടിലെ കുഞ്ഞുങ്ങൾ അതു കൊണ്ട് വയറുനിറക്കുമ്പോൾ കർഷകന് ദൈവത്തിങ്കൽ നേട്ടമേ ഉണ്ടാകുന്നുള്ളൂ.

സ്വന്തം ശരീരം കൊണ്ടുള്ള അധ്വാനം. അതിന്റെ ശാരീരികവും മാനസികവുമായ ഗുണങ്ങൾ. പരമാവധി വിഷമയമല്ലാത്തത് ആഹരിക്കാൻ സാധിക്കുന്നതിന്റെ സദ്ഫലങ്ങൾ, സാമ്പത്തിക നേട്ടങ്ങൾ... കൃഷിയുടെ സദ്ഫലങ്ങൾ അങ്ങിനെ നീളുന്നു

'സ്വകരങ്ങൾ കൊണ്ട് അധ്വാനിച്ചുണ്ടാക്കിയതിനെക്കാൾ ഉത്തമമായ ഒരു ആഹാരവും ആരും ഭക്ഷിച്ചിട്ടില്ലെന്ന്' നബി പഠിപ്പിച്ചത് കൃഷിക്ക് ഏറെ ചേരുന്നതാണ്, ഇതിന്റെ അർഥ തലങ്ങൾ വിശാലമായിരിക്കെത്തന്നെ! 'കാർഷിക വിളകൾ വിറ്റു പോവുകയും വാങ്ങിയ ആളുടെ ഉടമസ്ഥതയിലാവുകയും ചെയ്താലും അല്ലാഹുവിങ്കൽ അതിന്റെ പ്രതിഫലം കർഷകനും ലഭിക്കും' ഇബ്നു ഹജറിന്റെ വിശദീകരണം ഏറെ അർഥവത്താണ്. 'കൃഷിയിലൂടെ സമ്പാദിക്കാൻ സത്യവിശ്വാസിക്ക് ഐഹിക ബാധ്യതയുണ്ട്. അതുവഴി പരലോകത്തെ പ്രതിഫലം കൂടി അവന് ലഭ്യമാകുന്നു' എന്ന് ഇമാം സർഖസിയും രേഖപ്പെടുത്തുന്നു. 'ഭൂമിയെ ജീവസ്സുറ്റതാക്കി നിലനിർത്തുകയെന്നത് മുസ്‌ലിമിന്റെ ബാധ്യതയാണ്. മടിയും വിരക്തിയും അവനെ ബാധിക്കരുത്. കൃഷിചെയ്യാനുള്ള വലിയ പ്രോത്സാഹനമാണ് ഇസ്‌ലാം നൽകിയിരിക്കുന്നത്' അല്ലാമാ മുനാവിയുടെ വാക്കുകൾ.

കൃഷി മനുഷ്യന് നൽകുന്ന ആത്മനിർവൃതിയും മാനസിക സൗഖ്യവും അനിർവചനീയമത്രെ. കൃഷിയിറക്കിയ ഭൂമിയിലൂടെ, പച്ചപ്പുള്ള തോട്ടത്തിലൂടെ, പാകമായി വരുന്ന വിളകൾക്കരികിലൂടെ നടന്നു നോക്കിയാലറിയാം അതുതരുന്ന ആനന്ദം! മറ്റുള്ളവരുടേതാണെങ്കിൽ പോലും കൃഷിത്തോട്ടങ്ങൾ നമ്മെ ആകർഷിക്കും. എങ്കിൽ, സ്വന്തം കൃഷിത്തോട്ടം നമുക്ക് തരുന്ന നിർവൃതി അനിർവചനീയമായിരിക്കുമെന്ന് പറയേണ്ടതില്ല. കൃഷിയിറക്കാൻ മണ്ണ് പാകപ്പെടുത്തുന്നതു പോലെ, മണ്ണ് കർഷകനെയും പാകപ്പെടുത്തും. കർഷകന്റെ മനസ്സ് പൊതുവിൽ പശിമയുള്ളതായിരിക്കും! അത് കൃഷിയുടെ നേട്ടമാണ്. വിത്ത് സംഭരിച്ച്, മുളപ്പിച്ച്, നട്ടുവളർത്തി, ഫലം കായ്ച്ച്, വിളവെടുക്കുന്നതുവരെയുള്ള ഓരോ ഘട്ടത്തിലും കർഷകൻ അതിനെ സവിശേഷമായി പരിചരിക്കുന്നു. കർഷകന്റെ വ്യക്തിത്വത്തിലും ഇതിന്റെ പ്രതിഫലനമുണ്ടാകും.

കച്ചവടക്കാരുടെ ദേശത്തു നിന്ന് കർഷകരുടെ നാട്ടിലേക്കാണല്ലോ മുഹമ്മദ് നബി സുരക്ഷിതത്വം തേടി പലായനം ചെയ്തത്! ●